# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1015** **30.10.2019 ലെ മറുപടി**

## പുല്ലൂർ പുഴയ്ക്ക് കുറുകെ പാലം

| **ചോദ്യം**<br>**ശ്രീ.എ. പ്രദീപ്കുമാർ :** | **മറുപടി**<br>**കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
|---|---|
| (എ) കോഴിക്കോട് ജില്ലയിൽ പുല്ലൂർ പുഴയ്ക്ക് കുറുകെ പറമ്പിൽ ബസാർ - പുളക്കടവ് എന്നീ പ്രദേശങ്ങളെത്തമ്മിൽ ബന്ധിപ്പിച്ച് പാലം നിർമ്മിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) 30.10.2018 ലെ സ.ഉ(ആർടി)നം.780/2018/ജവിവ മുഖേന കോഴിക്കോട് ജില്ലയിൽ പൂനൂർ പുഴയ്ക്ക് കുറുകെ പറമ്പിൽ ബസാർ-പുളക്കടവിൽ KWA പമ്പ് ഹൗസിന് സമീപം ഒരു റെഗുലേറ്റർ കം.ബ്രിഡ്ജ്, ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേന നിർമ്മിക്കുന്നതിനുള്ള അനുമതി തത്വത്തിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ആർ.സി.ബി സംബന്ധിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് കിഫ്ബി നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം തയ്യാറാക്കുന്ന നടപടികൾ ത്വരിത വേഗത്തിൽ നടന്നു കൊണ്ടിരിക്കുകയാണ്. ആയത് ഈ മാസം 31 ന് (31.10.2019) മുമ്പായി പൂർത്തീകരിക്കുവാൻ KIIDC അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ; | (ബി) 30 കോടി രൂപയുടെ അനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) പാലം നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) കിഫ്ബി നിഷ്കർഷിക്കുന്ന രീതിയിലുള്ള മാർഗ്ഗ നിർദ്ദേശം പിന്തുടർന്ന് ഡി. പി. ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിന്റെ കാല താമസം മാത്രമാണ് നേരിടുന്നത്. |

സെക്ഷൻ ഓഫീസർ